"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - അമൃത് പദ്ധതിയിൻ കീഴിൽ തയ്യാറാക്കിയ കോഴിക്കോട് സിറ്റി മാസ്റ്റർപ്ലാനിന് 2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 36 (3), 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അംഗീകരിക്കലും) ചട്ടം 16(8) എന്നിവ പ്രകാരം പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്

സ.ഉ.(കൈ) നം.48/2023/LSGD തീയതി,തിരുവനന്തപുരം, 14-02-2023

---

പരാമർശം:-
1. കോഴിക്കോട് കോർപ്പറേഷൻ കൗൺസിലിന്റെ 12/08/2022-ലെ 90-ാം നമ്പർ തീരുമാനം.
2. കോഴിക്കോട് കോർപ്പറേഷൻ കൗൺസിലിന്റെ 29/10/2022-ലെ 1-ാം നമ്പർ തീരുമാനം
3. കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയുടെ 06/12/2022 തീയതിയിലെ ഇജി21/3634/2019 നമ്പർ കത്ത്.
4. കോഴിക്കോട് ജില്ലാ നഗരാസൂത്രകന്റെ 13/12/2022 തീയതിയിലെ ടിസിപികെഇസഡ്ഡി/464/2022-സി2 നമ്പർ കത്ത്.
5. മുഖ്യനഗരാസൂത്രകന്റെ 05/01/2023 തീയതിയിലെ ടിസിപിസിടിപി/1468/2020-എഫ്1 നമ്പർ കത്ത്.

### ഉത്തരവ്

അമൃത് പദ്ധതിയുടെ ഉപപദ്ധതിയായ "Formulation of GIS based Master Plan for AMRUT Towns" എന്നതിൻ കീഴിൽ കോഴിക്കോട് നഗരത്തിന്റെ ജി.ഐ.എസ് അധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി കോഴിക്കോട് കോർപ്പറേഷൻ തദ്ദേശ സ്വയംഭരണ വകുപ്പ് (പ്ലാനിംഗ്)-നെ ചുമതലപെടുത്തിയിരുന്നു.

(2) കോഴിക്കോട് നഗരത്തിന്റെ ജി.ഐ.എസ് അധിഷ്ഠിത കരട് മാസ്റ്റർ പ്ലാൻ, 2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 36 (1) പ്രകാരം പരിഷ്കരണങ്ങളോട് കൂടി സ്വീകരിക്കുന്നതിനു പരാമർശം (1) പ്രകാരം നഗരസഭാ കൗൺസിൽ തീരുമാനം എടുക്കുകയും, ആയതിനുള്ള ഉദ്ദേശ്യം 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും

അംഗീകരിക്കലും) ചട്ടം 16(1)-ൽ പരാമർശിച്ചിരിക്കുന്ന ഫാറം II-ൽ ഔദ്യോഗിക ഗസറ്റിലും രണ്ട് വർത്തമാന പത്രങ്ങളിലും നോട്ടീസ് ബോർഡിലും ഔദ്യോഗിക വെബ് സൈറ്റിലും വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്.

(3) കരട് മാസ്റ്റർ പ്ലാൻ 12/10/2022, 25/10/2022 തീയതികളിലെ മാസ്റ്റർപ്ലാൻ കമ്മിറ്റി യോഗങ്ങളിൽ ചർച്ച ചെയ്തിട്ടുള്ളതും മാസ്റ്റർ പ്ലാൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (2) തീരുമാനപ്രകാരം പ്രസിദ്ധീകരണാനുമതിക്കായി സർക്കാരിലേക്ക് അയക്കുന്നതിനു തീരുമാനിക്കുകയും കരട് മാസ്റ്റർ പ്ലാൻ റിപ്പോർട്ടും, മാപ്പും, മറ്റ് മറ്റ് അനുബന്ധരേഖകളും 2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 36(2), 2021-ലെ കേരള നഗര-ഗ്രാമാസുത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അംഗീകരിക്കലും) ചട്ടം 16(7) എന്നിവ പ്രകാരം സർക്കാരിന്റെ അനുമതിക്കായി പരാമർശം (3) പ്രകാരം നഗരസഭ സെക്രട്ടറി ലഭ്യമാക്കിയിട്ടുള്ളതാണ്.

(4) 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ആക്റ്റിന്റെ അടിസ്ഥാനത്തിലുള്ള പുതിയ അദ്ധ്യായങ്ങൾ, നൂതന ആശയമായ Transit Oriented Development (TOD) എന്നിവ മാസ്റ്റർ പ്ലാൻ ചട്ടം 16(6)-ൽ നിഷ്കർഷിച്ചിട്ടുള്ള നടപടികൾ പാലിച്ചാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് ജില്ലാ ടൗൺ പ്ലാനർ പരാമർശം (4) പ്രകാരം അറിയിച്ചിട്ടുള്ളതാണ്.

(5) അമൃത് പദ്ധതിയിൻ കീഴിൽ തയ്യാറാക്കിയ കോഴിക്കോട് സിറ്റിമാസ്റ്റർപ്ലാൻ - 2040 ന്, 2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആക്റ്റിന്റെ വകപ്പ് 36 (3), 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അംഗീകരിക്കലും) ചട്ടം 16(8) എന്നിവ പ്രകാരം പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകുന്നതിനു പരാമർശം (5) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

(6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, അമൃത് പദ്ധതിയിൻ കീഴിൽ തയ്യാറാക്കിയ കോഴിക്കോട് സിറ്റി മാസ്റ്റർപ്ലാൻ - 2040, 2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആക്റ്റിന്റെ വകപ്പ് 36 (3), 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അംഗീകരിക്കലും) ചട്ടം 16(8) എന്നിവ പ്രകാരം പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHERLI P

സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്

1. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
2. ജില്ലാ നഗരാസൂത്രകൻ, കോഴിക്കോട് (മുഖ്യനഗരാസൂത്രകൻ മുഖേന)
3. സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Anilkumar C

Date: 14.02.2023 14:39:07